E 7730 (Pages : 3) Reg. No.....

Name.....

B.A./B.Sc. (MODEL I) DEGREE (C.B.C.S.S.) EXAMINATION, NOVEMBER 2017

First Semester

Additional Language—Malayalam

കഥ, നോവൽ

(2013 to 2016 Admissions)

Time : Three Hours Maximum Marks : 80

Part A

എല്ലാ ചോദ്യങ്ങൾക്കും ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. വയലാർ പുരസ്കാരം നേടിയ ഒ.വി. വിജയന്റെ നോവൽ.
2. കാളിയ മർദ്ദനം ആരുടെ കഥയാണ് ?
3. 1993-ലെ ഓടക്കുഴൽ അവാർഡ് നേടിയ കൃതി.
4. വാനപ്രസ്ഥം എന്ന കഥ ഏത് പേരിലാണ് ചലച്ചിത്രമായത് ?
5. കാക്കനാടന്റെ യഥാർത്ഥ പേര്.
6. 'കാട് കയറുന്ന പൂർവികർ' ആരുടെ കഥയാണ് ?
7. പി. കേശവദേവിന്റെ ആത്മകഥയുടെ പേര്.
8. സന്ധ്യാനം ആരുടെ കഥയാണ് ?
9. പയ്യൻ എന്ന കഥാപാത്രത്തിന്റെ സൃഷ്ടാവാര് ?
10. അമർജിത്ത് ഏത് കഥയിലെ കഥാപാത്രമാണ് ?

(10 × 1 = 10)

Part B

ഒരു ഖണ്ഡികയിൽ (അമ്പതു വാക്ക്) കവിയാതെ **എട്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. "ഈശോ, നീ ഞങ്ങൾക്ക് കരുണ ചെയ്യുവാൻ അവസരങ്ങൾ തരുന്നു"—ഈ ചിന്തയുടെ അടിസ്ഥാനമെന്ത് ?
12. സാഹിത്യത്തിന്റെ പൊടിപ്പും തൊങ്ങലുമില്ലാതെ നോക്കിയാലും അവയുടെ മുഖത്ത് ഒരു കുലുക്കമില്ലായ്മ കാണാം—വിശദീകരിക്കുക.
13. ആധുനിക നോവൽ എന്നാലെന്ത് ? പ്രത്യേകതകൾ എഴുതുക.

Turn over

14. പി. കേശവദേവ്—കുറിപ്പെഴുതുക.

15. "സാരമില്ല ടൊ. ശാപ്പാടിന്റെ കാര്യത്തിൽ അതൊന്നും നോക്കാനില്ല"—ഇങ്ങനെ പറയുവാനുള്ള കാരണമെന്ത് ?

16. സ്ഥാവരം എന്ന കഥയിലെ മുഖ്യപ്രമേയത്തെക്കുറിച്ചെഴുതുക.

17. കുഞ്ഞുണ്ണി—കഥാപാത്രത്തെ പരിചയപ്പെടുത്തുക.

18. ജനാർദ്ദനന്റെയും ഭാസ്കരന്റെയും കുടുംബങ്ങൾ അകലാനുള്ള കാരണമെന്ത് ?

19. "അസൗകര്യം അശേഷമില്ല. ബോധക്ഷയം വിസ്മരിച്ചാവാം"—ഈ വാക്കുകളുടെ അർത്ഥം വിശദീകരിക്കുക.

20. കാർഷിക ജീവിത സംസ്കാരമാണ് തകഴിയുടെ കഥകളുടെ പ്രത്യേകത—പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

21. 'തായ്കുല'ത്തിലെ ശൂർപ്പണഖയെ പരിചയപ്പെടുത്തുക.

22. സന്നിധാനം എന്ന കഥയിലെ കണ്ണടകൾ സൂചിപ്പിക്കുന്നതെന്ത് ?

(8 × 2 = 16)

Part C

ഒരു പേജിൽ കവിയാതെ (നൂറു വാക്ക്) **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23. തിരുമനസ്സുകൊണ്ട് എന്ന കഥയിലെ സംഭാഷണത്തിൽ പ്രതിഫലിക്കുന്ന രാഷ്ട്രീയ പരിഹാസം വ്യക്തമാക്കുക.

24. മലയാള നോവൽ ചരിത്രം—ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.

25. ഗുരുസാഗരത്തിലെ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.

26. സേതുവിന്റെ രചനാപരമായ പ്രത്യേകതകൾ വിവരിക്കുക.

27. ചരിത്രവും രാഷ്ട്രീയവും ഇടകലർന്ന പ്രമേയങ്ങളാണ് എൻ.എസ്. മാധവന്റെ കഥകൾ—പാഠഭാഗത്തെ ആസ്പദമാക്കി പരിശോധിക്കുക.

28. കാളിയമർദ്ദനം എന്ന കഥയുടെ പ്രമേയവും പ്രാധാന്യവും എഴുതുക.

29. ഗുരുസാഗരം എന്ന നോവലിന്റെ രചനയ്ക്ക് പിന്നിലുള്ള പ്രചോദനമെന്ത് ?

30. ആധുനികോത്തര കഥകളുടെ സവിശേഷതകൾ മുൻനിർത്തി 'ദൂതമൊഴി' എന്ന കഥയെ വിശകലനം ചെയ്യുക.

31. കഥയെ ഭാവഗീതത്തോട് അടുപ്പിച്ചു നിർത്തിയ എഴുത്തുകാരനാണ് എം.ടി.പാഠഭാഗത്തെ ആസ്പദമാക്കി അഭിപ്രായം എഴുതുക.

(6 × 4 = 24)

Part D

നാലു പേജിൽ കവിയാതെ (നാനൂറു വാക്ക്) രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

32. മലയാള ചെറുകഥയുടെ ചരിത്രവും വളർച്ചയും അപഗ്രഥിക്കുക.

അല്ലെങ്കിൽ

33. നവോത്ഥാനം, കാല്പനികം, ആധുനികം എന്നിങ്ങനെ കഥകളെ വേർതിരിക്കുന്നതിന്റെ യുക്തി പരിശോധിക്കുക.

34. ഫെമിനിസ്റ്റ് രചനകൾ—മലയാള കഥകളെ ആസ്പദമാക്കി വിവരിക്കുക.

അല്ലെങ്കിൽ

35. മലയാള നോവൽ സാഹിത്യചരിത്രത്തിൽ 'ഗുരുസാഗര'ത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.

(2 × 15 = 30)